

# മുന്നറിവ്

GIMP ----- GNU Image Manipulation Program

ഇതൊരു ഇമേജിങ് എഡിറ്റിംഗ് സോഫ്റ്റ്‌വെയറാണ്. ഇതൊരു സ്വതന്ത്ര സോഫ്റ്റ്‌വെയർ ആണ് ( free software ).





GIMP സോഫ്റ്റ്‌വെയർ ഉപയോഗിച്ച് ചിത്രങ്ങൾ എഡിറ്റ് ചെയ്യാൻ, പോസ്റ്ററുകൾ നിർമ്മിക്കാൻ, ചിത്രങ്ങൾ വരയ്ക്കാൻ , .png ഫോർമാറ്റിലേക്ക് export ചെയ്യാൻ സാധിക്കുന്നതാണ്.

ചിത്ര ഫയലുകൾ , file extension നോക്കി മനസ്സിലാക്കാൻ ശ്രമിക്കാം.




.png ,
.svg ഇവയാണ് ചിത്ര ഫയലുകൾ

എങ്കിൽ, ഇവ രണ്ടും തമ്മിലുള്ള വ്യത്യാസങ്ങൾ എന്തെല്ലാം ആണ്.




1 ,png

2 .svg

ആദ്യത്തേത് .png ഫോർമാറ്റ് ചിത്രവും, മറ്റൊന്ന്.svg മാറ്റി ചിത്രവുമാണ്.

PNG image ( Portable Network Graphics )

ഇത്തരം ചിത്രങ്ങൾ  scale (വലുതാകുമ്പോൾ )ചെയ്യുമ്പോൾ അതിന്റെ ക്ലാരിറ്റി അഥവാ വ്യക്തത നഷ്ടപ്പെടുന്നു. ഇവയ്ക്ക് ഫയൽ സൈസ് കൂടുതലായിരിക്കും. ഇവയെ ബിറ്റ് മാപ്പ് ചിത്രങ്ങൾ എന്നാണ് വിശേഷിപ്പിക്കാറ്. ചിത്രങ്ങൾ വരയ്ക്കപ്പെടുന്നത്  pixels ആയിട്ടാണ്, അതായത് ചിത്രങ്ങൾ നിർമിക്കപ്പെടുന്നത് ചതുരങ്ങൾക്കുള്ളിൽ നിറം നിറച്ചാണ്. bit മാപ്പ് ചിത്രങ്ങളെ റാസ്റ്റർ (Raster) ചിത്രങ്ങൾ എന്ന് വിശേഷിപ്പിക്കുന്നു.


GIMP സോഫ്റ്റ്‌വെയർ വഴി നിർമ്മിക്കുന്ന ചിത്രങ്ങൾ റാസ്റ്റർ ചിത്രങ്ങളായിരിക്കും

SVG image (Scalable Vector Graphics)

ഇത്തരം ചിത്രങ്ങൾ  scale (വലുതാകുമ്പോൾ )ചെയ്യുമ്പോൾ അതിന്റെ ക്ലാരിറ്റി അഥവാ വ്യക്തത നഷ്ടപ്പെടുന്നില്ല.ഇവയ്ക്ക് ഫയൽ സൈസ് കുറവായിരിക്കും. വെക്ടർ ചിത്രങ്ങൾ രണ്ടു രണ്ടു ബിന്ദുക്കൾക്കിടയിൽ നിർവചിക്കപെടുന്ന പാത (path)ഉപയോഗിച്ചാണ് നിർമിക്കപ്പെടുന്നത്.

ഈ പാത ഗണിതരൂപങ്ങളായ നേർരേഖയുടെയോ, സമചതുര ത്തിന്റെയോ,ത്രികോണത്തിൻറെയോ, വക്രത്തിന്റെയോ, ഭാഗമാകാം.



1. താഴെ പറയുന്നവയിൽ ശരി/തെറ്റ് രേഖപ്പെടുത്തുക.

| | ശരി / തെറ്റ് |
|---|---|
| റാസ്റ്റർ ചിത്രങ്ങൾ പിക്സലുകളാൽ നിർമിക്കപ്പെടുന്നു. | ✓ |
| വെക്ടർ ചിത്രങ്ങൾ സ്കെയിൽ ചെയ്യുമ്പോൾ വ്യക്തത നഷ്ടപ്പെടുന്നു. | ✗ |
| ബിറ്റ്മാപ്പ് ചിത്രങ്ങളേക്കാൾ വെക്ടർ ചിത്രങ്ങൾക്ക് ഫയൽ സൈസ് കുറവാണ്. | ✓ |

**10th ICT**

**online class on 17 june 2020**




വെക്ടർ ചിത്രങ്ങൾ (Vector images ) നിർമ്മിക്കുന്നതിനായും, എഡിറ്റ് ചെയ്യുന്നതിനായും ഉപയോഗിക്കാൻ കഴിയുന്ന ഒരു സ്വതന്ത്ര സോഫ്റ്റ്‌വെയർ ആണ്, **ഇങ്ക്സ്കേപ്പ് ( Inkscape ).**




Application-----Graphics---- Inkscape vector Graphics Editor

Inkscape vector Graphics Editor *icon*



GIMP സോഫ്റ്റ്‌വെയറുമായി താരതമ്യം ചെയ്യുമ്പോൾ Inkscape സോഫ്റ്റ്‌വെയറിൽ ചിത്രങ്ങൾ ബോർഡറിന് പുറത്തും വരയ്ക്കാൻ കഴിയുന്നതാണ്. Inkscape സോഫ്റ്റ്‌വെയറിന്റെ  ക്യാൻവാസ് സുതാര്യമാണ്.


file------document properties---------------show pare border ഓപ്ഷനിലെ tick mark ഒഴിവാക്കിയാൽ ക്യാൻവാസിലെ ബോർഡർ മാറി കിട്ടുന്നതാണ്.
പിന്നീട് തയ്യാറാക്കിയ ചിത്രത്തിന് അനുസൃതമായി ബോർഡർ ആവശ്യമുള്ളപ്പോൾ resize page to content നൽകി ബോർഡർ നൽകാവുന്നതാണ്.





Vector image editing Software കൾക്ക് ഉദാഹരണങ്ങളാണ്, ഇങ്ക്സ്കേപ്പ് (ink scape), ലിബർ ഓഫീസ് ഡ്രോ  ( Libre office draw), കാർബൺ (carbon), അഡോബ് ഇല്ലസ്ട്രേറ്റർ ( adobe illustrator), കോറൽ ഡ്രോ (Coral draw).

സ്വതന്ത്ര സോഫ്റ്റ്‌വെയർ (free software) ഗണത്തിൽപ്പെടുന്ന വെക്ടർ ഇമേജ് എഡിറ്റിംഗ് സോഫ്റ്റ്‌വെയറുകളണ് ,ഇങ്ക്സ്കേപ്പ് (Inkscape), ലിബർ ഓഫീസ് ഡ്രോ (Libre office draw)എന്നിവ.

Prepared by Augustine A S, GHS koonathara





ഇങ്ക്സ്കേപ്പ് (Inkscape) ടൂളുകളെ പരിചയപ്പെടാം,




Object-- inkscape ന്റെ കാൻവാസിൽ വരയ്ക്കുന്ന, എഴുതുന്ന എന്തിനെയും ഒബ്ജക്റ്റ് (Object ) എന്നുവിളിക്കാം.

Inkscape ലെ പ്രധാനപ്പെട്ട ടൂളാണ് fill and stroke .





Fill-- Object ൽ നിറച്ചിരിക്കുന്ന നിറമാണ് ഫിൽ ( fill )

Stroke---Object ന്റെ പരിധിയിൽ (outline) രേഖപ്പെടുത്തുന്ന നിറമാണ് സ്ട്രോക്ക് (stroke).

Blur--Object ന്റെ നിറം കുറയ്ക്കുക,

Opacity--Object ന്റെ സുതാര്യത (depth ) മാറ്റം വരുത്തുക.



COMPLETE THE TABLE
പട്ടിക പൂർത്തിയാക്കുക

| Tool/ടൂൾ | Use/ഉപയോഗം |
|---|---|
| | സെലക്ട് ഒബ്ജക്റ്റ്/ select object |
| | ചതുരങ്ങൾ വരയ്ക്കാൻ/ draw rectangies |
| | വൃത്തങ്ങൾ വരയ്ക്കാൻ /To Draw Cirles |
| | അക്ഷരങ്ങൾ ചേർക്കാൻ/ edit text |